**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3937** **21.06.2018 -ൽ മറുപടിയ്ക്ക്**

**മലബാർ ക്രൂയിസ് ടൂറിസം പദ്ധതി**

ചോദ്യം

ശ്രീ.സി.കൃഷ്ണൻ :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി കേന്ദ്രത്തിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ എത്ര കോടി രൂപയുടെ നിർദ്ദേശങ്ങൾക്കാണ് കേന്ദ്രസർക്കാരിന്റെ അനുമതി ആയിട്ടുള്ളത്; | എ) | മലനാട്-മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്കായി 1,03,84,94,705/- രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരിന്നുവെങ്കിലും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 83,34,50,879/- രൂപയുടെ പുനർ DPR തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | കേന്ദ്ര സർക്കാർ അംഗീകരിച്ചുവന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | ബി) | നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയം "സ്വദേശ് ദർശൻ" "പ്രസാദ്" എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് അനുമതി നൽകിയിരുന്നത്. താഴെപ്പറയുന്ന പദ്ധതികൾക്കായി അംഗീകാരം നൽകിയിട്ടുണ്ട്.<br>__സ്വദേശ് ദർശൻ__<br>1) ഇക്കോ-ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ -തേക്കടി വികസനം-9006.14 ലക്ഷം രൂപ<br>2) സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ<br>a) ശബരിമല വികസനം (എരുമേലി പമ്പ-സന്നിധാനം)- 9998.92 ലക്ഷം രൂപ<br>b) ശ്രീ പത്മനാഭ -ആറന്മുള ശബരിമല വികസനം-9244.49 ലക്ഷം രൂപ |
| സി) | കേന്ദ്രത്തിൽ നിന്ന് അംഗീകരിച്ച് വന്ന നിർദ്ദേശങ്ങളിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾ ഉണ്ട്;വിശദാംശം ലഭ്യമാക്കുമോ? | സി) | പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കേന്ദ്ര ടൂറിസം മന്ത്രാലയം നിലവിൽ പദ്ധതികൾ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ